## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73** | **12-06-2024 - ൽ മറുപടിയ്ക്ക്**

## ആദിവാസി മേഖലയിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ആദിവാസി മേഖലയിൽ താമസിക്കുന്നവരുടെ അടിയന്തര ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പട്ടികവർഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിന് പ്രഥമ പരിഗണനയാണ് നൽകി വരുന്നത്. പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>• .സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി<br>• .സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം<br>• .പട്ടികവർഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി<br>• .ജനനി ജന്മരക്ഷാ പദ്ധതി<br>• .മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ<br>• .ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും<br>• .ആംബുലൻസ് സേവനം<br><br>ഇതു കൂടാതെ പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുന്നതിന് ഫുഡ് സപ്പോർട്ട് പ്രോഗ്രാമും നടപ്പിലാക്കി വരുന്നു.<br><br>ആരോഗ്യ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം എന്നിവയുടെ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും ഈ മേഖലയിൽ വിവിധ സേവനങ്ങൾ നൽകി വരുന്നു. മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് അല്ലെങ്കിൽ ലാബ് ടെക്നീഷ്യൻ എന്നിവരുൾപ്പെട്ട മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഓരോ മാസവും 14 മുതൽ 16 വരെ ക്യാമ്പുകൾ (യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം, നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് അടക്കം) നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | | | ഉൾക്കാട്ടിലുള്ള കോളനികളിൽ ഓരോ മാസവും സ്പെഷ്യൽ മെഡിക്കൽ ക്യാമ്പ് നടത്തിവരികയും ആളുകളുടെ ആരോഗ്യനില മോണിറ്റർ ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള നടപടികളും ചെയ്തുവരുന്നുണ്ട്.<br><br>കൂടാതെ പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഫാമിലി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലെ മെഡിക്കൽ ഓഫീസർമാർ, അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പദ്ധതികൾ വച്ച് സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും, മരുന്നുകൾ വിതരണം ചെയ്യുകയും, ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നുണ്ട്. ഇതു വഴി പീഡിയാട്രിഷ്യൻ, പൾമണോളജിസ്റ്റ്, ഓഫ്താൽമോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ് എന്നിവരുടെ വിദഗ്ദ്ധ സേവനവും ജനങ്ങൾക്ക് നൽകി വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരെ ചികിത്സയ്ക്കായി റഫർ ചെയ്യുന്ന അവസരത്തിൽ 108 (കനിവ്) ആംബുലൻസും, മറ്റുതരം ആംബുലൻസുകളും ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ബി) | മഴക്കാലത്ത് പ്രസ്തുത മേഖലയിൽ പടർന്നുപിടിക്കുന്ന രോഗങ്ങൾക്ക് യഥാസമയം ചികിത്സ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | പട്ടികവർഗ്ഗ മേഖലയിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനും പകർച്ചവ്യാധികൾ പകരാതിരിക്കുവാനും ആവശ്യമായ നടപടികൾ ആരോഗ്യവകുപ്പുമായി ചേർന്ന് സ്വീകരിച്ചു വരുന്നുണ്ട്. ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ശുചീകരണ പ്രവൃത്തികൾ ചെയ്തുവരുന്നു. പട്ടികവർഗ്ഗ മേഖലയിലെ കുട്ടികൾക്കും, മുതിർന്നവർക്കും രോഗം പിടിപെടുകയാണെങ്കിൽ അവരെ ഉടൻ തന്നെ ആശുപത്രികളിൽ എത്തിയ്ക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, ബന്ധപ്പെട്ട പ്രൊമോട്ടർമാർ/സോഷ്യൽ വർക്കർമാർ മുഖേന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അടിയന്തിര ഘട്ടങ്ങളിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ക്ലിനിക്കുകൾ വഴി മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ മേഖലയിലെ ആശുപത്രികളിൽ ക്ലിനിക്കുകൾ, രോഗനിർണയ സംവിധാനം (ലാബ് സൗകര്യം), അവശ്യ മരുന്നുകൾ, ഒ.ആർ.എസ്സ്, ബ്ലീച്ചിംഗ് പൗഡർ, ഐ.വി. ഫ്ലൂയിഡ്സ് എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, പുതിയതായി നിയമിച്ച മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർ എന്നിവരെ ഉൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | ജനകീയാരോഗ്യ കേന്ദ്രങ്ങളിൽ ക്ലിനിക്കുകളും, അത്യാവശ്യം മരുന്നുകളും പരിശോധനകളും ലഭ്യമാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ മറ്റ് ഇടങ്ങളിലുള്ളതു പോലെ പട്ടികവകർഗ്ഗ മേഖലയിലും ആരോഗ്യജാഗ്രതാ കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പകർച്ചവ്യാധികൾ തടയുവാനുള്ള വിവിധ പ്രവർത്തനങ്ങളെപ്പറ്റിയും, പൊതുജനങ്ങൾ പാലിക്കേണ്ട കർത്തവ്യങ്ങളെപ്പറ്റിയും വിവിധ ദൃശ്യ-ശ്രാവ്യ അച്ചടി-സാമൂഹിക മാദ്ധ്യമങ്ങളിലൂടെ അവബോധം നൽകിവരുന്നു.<br><br>ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ തലത്തിലും റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തനക്ഷമമാണ്. വാർഡ് ഹെൽത്ത് സാനിറ്റേഷൻ സമിതികളുടെ പ്രവർത്തനവും കാര്യക്ഷമമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മേഖലയിൽ മഴക്കാലത്തോടനുബന്ധിച്ച് സൗജന്യ ഭക്ഷണവിതരണം നടത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) | പട്ടികവർഗ കുടുംബങ്ങളിൽ മൺസൂൺ കാലത്ത് ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫുഡ് സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ ഭക്ഷ്യസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ